# India-US hold 2 plus 2 intersessional meeting

September 11, 2020

# ഇന്ത്യയും അമേരിക്കയും തമ്മിലുള്ള 2 പ്ലസ് 2 ഇന്ററർസെഷണൽ മീറ്റിങ്

സെപ്റ്റംബർ 11, 2020

2020 സെപ്റ്റംബർ 11 ന് ഇന്ത്യയും അമേരിക്കയും തമ്മിലുള്ള 2+2 ഇന്ററർ സെഷണൽ മീറ്റിംഗ് വിര്ച്വലായി നടന്നു.വിദേശകാര്യമന്ത്രാലയത്തിൽ ജോയിന്റ് സെക്രട്ടറി (അമേരിക്കാസ്) ആയ മിസ്.വാണി റാവു, പ്രതിരോധ വകുപ്പിലെ ജോയിന്റ് സെക്രട്ടറി (അന്ത്രദീക്ഷയെ സഹകരണം) ആയ ശ്രീ സോമനാഥ് ഘോഷ് എന്നിവരാണ് ഇന്ത്യൻ വിഭാഗത്തെ നയിച്ചത്. യു എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിലെ ബ്യൂറോ ഓഫ് സൗത്ത് ആൻഡ് സെന്ററർ ഏഷ്യൻ അഫ്യേഴ്സിലെ സീനിയർ ബ്യൂറോ ഉദ്യോഗസ്ഥനായ ശ്രീ.ഡീൻ തോംപ്സൺ, യു എസ് പ്രതിരോധ വകുപ്പിലെ ഇൻഡോ-പസഫിക് സെക്യൂരി അഫേഴ് സിനായുള്ള ആക്ടിങ് അസിസ്റ്റന്റ് സെക്രട്ടറി സർ. ഡേവിഡ് ഹെൽവി എന്നിവരാണ് അമേരിക്കൻ വിഭാഗത്തെ നയിച്ചത്.

2019 വാഷിംഗ്ടൺ ഡിസിയിൽ നടന്ന കഴിഞ്ഞ 2+2 മന്ത്രി തല ചർച്ചയ്ക്കു ശേഷം പ്രതിരോധം, സുരക്ഷാ, വിദേശനയം എന്നീ മേഖലകളിലെ ഉഭയകക്ഷി ബന്ധങ്ങളിൽ സംഭവിച്ചിട്ടുള്ള പുരോഗതിയും വികാസങ്ങളും ഇരു വിഭാഗങ്ങളും അവലോകനം ചെയ്തു. പര്സപര താല്പര്യങ്ങളെ അടിസ്ഥാനമാക്കി ഇത്തരം മേഖലകളിൽ തുടർന്ന് വരുന്ന സഹകരണം ദൃഢപ്പെടുത്തുന്നതിനുള്ള അവസരങ്ങൾ അവർ കണ്ടെത്തുകയുണ്ടായി.പ്രാദേശിക വികസനം സംബന്ധിച്ച കാഴ്ചപ്പാടുകളും അവർ പങ്കു വയ്ച്ചു കൂടാതെ സ്വതന്ത്രവും സുതാര്യവും സമന്വയിപ്പിച്ചതും സമാധാനപരവും സമൃദ്ധവുമായ ഇന്തോ-പസഫിക്കിനായുള്ള തങ്ങളുടെ പരിശ്രമംതുടരുന്നതിനു അവർ അനുകൂലിച്ചു.

മന്ത്രിതല 2+2 ന് അനുരൂപമായാണ് ഇന്ററർസെഷനാൽ മീറ്റിങ് സംഘടിപ്പിച്ചത്. ഭാവിയിലും ഇത്തരം സമ്മേളനങ്ങൾ തുടരുന്നതാണെന്നും ഇരു വിഭാഗങ്ങളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**11 സെപ്റ്റംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.